മി. സ്പീക്കർ: ഓർഡർ.....ഓർഡർ......ചോദ്യം നമ്പർ *1

**കേസ്സുകളിലെ സാക്ഷികൾ കൂറുമാറുന്നത് തടയാൻ നടപടി**

(*1) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീമതി ഉമ തോമസ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രധാന കേസ്സുകളിലെ പ്രതികൾ സാക്ഷികളെ സ്വാധീനിച്ചുകൊണ്ട് കേസ്സുകൾ അട്ടിമറിക്കുന്ന സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) അട്ടപ്പാടി മധു വധക്കേസ്സിൽ മിക്ക സാക്ഷികളും കൂറുമാറിയതായ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) മധുവിനെ മർദ്ദിക്കുന്നത് കണ്ടുവെന്ന് മജിസ്ട്രേറ്റിന് മുമ്പിൽ മൊഴി നൽകിയവർപോലും സാക്ഷി വിസ്താരത്തിനിടെ നേരത്തെ നൽകിയ മൊഴി നിഷേധിക്കുന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത

സംഭവത്തിന്മേൽ സർക്കാർ എന്ത് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കേസ്സിൽ കൂടുതൽ സാക്ഷികൾ കൂറുമാറുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) കോടതിയിലെ വിചാരണ വേളയിൽ കേസ്സിലെ ചില സാക്ഷികൾ കൂറുമാറിയ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) അട്ടപ്പാടിയിൽ മധു വധക്കേസ് മണ്ണാർക്കാട്, പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമ പ്രകാരമുള്ള പ്രത്യേക കോടതിയുടെ പരിഗണനയിലാണ്. ഇക്കാരണത്താൽ കേസ്സിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ നൽകുവാൻ കഴിയില്ല. വിചാരണയ്ക്കിടെ സാക്ഷികൾ പ്രോസിക്യൂഷനെതിരെ മൊഴി നൽകിയതിനെത്തുടർന്ന് കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനായ അഗളി പ്രത്യേക മൊബൈൽ സ്ക്വാഡ് ഡിവൈ.എസ്.പി. പ്രതികളുടെ ജാമ്യം റദ്ദാക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട കോടതിയെ സമീപിച്ചു. അതോടൊപ്പം കേസ്സിലെ പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർ കേസ്സിൽ സാക്ഷികളെ സ്വാധീനിക്കുന്നതിന് ശ്രമം

നടക്കുന്നതായി ബഹുമാനപ്പെട്ട കോടതി മുമ്പാകെ ലഭ്യമായ രേഖകൾ സഹിതം വിവരങ്ങൾ സമർപ്പിക്കുകയുണ്ടായി. ഹർജി പരിഗണിച്ച ബഹുമാനപ്പെട്ട കോടതി 20-08-2022-ൽ ഈ കേസ്സിലെ 12 പ്രതികളുടെ ജാമ്യം റദ്ദാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) കൂറുമാറിയ സാക്ഷികൾക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമം 193 വകുപ്പുപ്രകാരം ബഹുമാനപ്പെട്ട കോടതിയാണ് നടപടികൾ സ്വീകരിക്കേണ്ടത്. ഇതുസംബന്ധിച്ച് പോലീസ് വിശദമായ റിപ്പോർട്ട് ബഹുമാനപ്പെട്ട പാലക്കാട് ജില്ലാ സെഷൻസ് കോടതി മുമ്പാകെ സമർപ്പിക്കുകയുണ്ടായി. അതേത്തുടർന്ന് ബഹുമാനപ്പെട്ട കോടതി 'വിറ്റ്നസ് പ്രൊട്ടക്ഷൻ സെൽ' രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് സാക്ഷികൾക്കും പ്രോസിക്യൂഷൻ വിഭാഗത്തിനും ആവശ്യമായ എല്ലാ സഹായവും പോലീസ് നൽകിവരുന്നുണ്ട്.

പ്രോസിക്യൂഷനെതിരെ മൊഴി നൽകിയതിനെത്തുടർന്ന് വനം വകുപ്പിൽ വാച്ചർമാരായി താൽക്കാലിക ജോലി ചെയ്തിരുന്ന മൂന്നുപേരെ സർവ്വീസിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ട്. കൂടാതെ ക്രിമിനൽ നടപടിക്രമം സെക്ഷൻ 311 പ്രകാരം, കൂറുമാറിയ സാക്ഷികളെ വീണ്ടും വിചാരണ

നടത്തുന്നതിന് മണ്ണാർക്കാട്, പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമപ്രകാരമുള്ള പ്രത്യേക കോടതിയെ സമീപിക്കുന്നതുമാണ്. ഈ കേസ്സിലെ പ്രതികൾക്ക് അർഹമായ ശിക്ഷ ലഭിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും തുടർന്നും സ്വീകരിക്കുന്നതാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, മധു വധക്കേസ്സിലെ പ്രതികളുടെ ജാമ്യം റദ്ദാക്കികൊണ്ടുള്ള ഉത്തരവിൽ പ്രതിഭാഗം അഭിഭാഷകൻ ജഡ്ജിയെപോലും ഭീക്ഷണിപ്പെടുത്തിയതായി പറയുന്നു. അതുപോലെ, മധുവിന്റെ അമ്മയായ ശ്രീമതി മല്ലി പോലീസിന് നൽകിയ പരാതിയിൽ, പ്രതികളോട് അടുത്തുനിൽക്കുന്ന പ്രദേശവാസി അവരെ വന്നുകാണുകയും അട്ടപ്പാടിയിൽ ആദിവാസി കൊലപാതകൾ നടക്കുന്നത് അത്ര വലിയ സംഭവമല്ലാത്തതിനാൽ ഇതുമായി മുന്നോട്ടുപോകരുതെന്ന് ഭീക്ഷണിപ്പെടുത്തിയതായും പരാമർശിക്കുന്നുണ്ട്. പ്രതികൾ എത്ര ശക്തരാണെന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ഈ രണ്ട് സംഭവങ്ങൾ. ഇത്തരം പരാതികൾ ലഭ്യമാകുമ്പോൾ അടിയന്തരമായി അന്വേഷിക്കുന്നതിനും ഇത്തരം വ്യക്തികൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനും ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയായ കാര്യമാണ്. പ്രതിഭാഗം അഭിഭാഷകൻ സാധാരനിലയിൽനിന്നും വ്യത്യസ്തമായ രീതിയിൽ ഭീക്ഷണി സ്വരത്തിൽ സംസാരിച്ചുവെന്ന് ബഹുമാനപ്പെട്ട കോടതിതന്നെ പരാമർശിച്ചിട്ടുണ്ട്. അതോടൊപ്പം, മധുവിന്റെ അമ്മയായ ശ്രീമതി മല്ലിയെ ഭീക്ഷണിപ്പെടുത്തിയതുമായി ബന്ധപ്പെട്ട പ്രശ്നവും ഉയർന്നുവന്നിരുന്നു. ഇതുസംബന്ധിച്ച് 30-07-2022-ന് മണ്ണാർക്കാട് മജിസ്ട്രേറ്റ് കോടതിയിൽ മധുവിന്റെ അമ്മ പരാതി സമർപ്പിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് അഗളി പോലീസ് സ്റ്റേഷനിൽ IPC 452, 506, 34 എന്നീ വകുപ്പുകൾപ്രകാരം ക്രൈംനമ്പർ 180/2022 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. കേസ്സിന്റെ അന്വേഷണ വേളയിൽ പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമത്തിലെ വകുപ്പ് കൂട്ടിച്ചേർത്ത് അഗളി ഡെപ്യൂട്ടി സൂപ്രണ്ട് അന്വേഷണം നടത്തിവരികയാണ്. കേസ്സിലെ രണ്ടാം പ്രതിയായ ഷാജി പി. അലക്സിനെ 10-08-2022-ന് അറസ്റ്റ് ചെയ്ത് ബഹുമാനപ്പെട്ട കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. ഒന്നാം പ്രതിയായ അബ്ബാസ് പാലക്കാട് ജില്ലാ സെഷൻസ് കോടതിയിൽ മുൻകൂർ ജാമ്യത്തിന് അപേക്ഷ

സമർപ്പിച്ചിരിക്കുകയാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അട്ടപ്പാടിയിലെ മധു വധക്കേസ്സിൽ സർക്കാർ ആദ്യം നിയമിച്ച രണ്ട് പ്രോസിക്യൂട്ടർമാരും രാജിവച്ച് പോയത് അലവൻസോ മറ്റ് സൗകര്യങ്ങളോ ലഭ്യമാകുന്നില്ലായെന്നതിന്റെ പേരിലാണ്. നിലവിലെ സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടർ രാജേഷ് എം. മേനോൻ നാലാമത്തെ പ്രോസിക്യൂട്ടറാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അദ്ദേഹത്തിനും ഇത്തരത്തിലുള്ള യാതൊരു സൗകര്യങ്ങളും ലഭ്യമാകുന്നില്ലായെന്ന് മധുവിന്റെ അമ്മ ശ്രീമതി മല്ലി വൈദ്യുതി വകുപ്പുമന്ത്രിയായ ശ്രീ. കെ. കൃഷ്ണൻകുട്ടിക്ക് പരാതി നൽകിയതായി പത്രങ്ങളിൽ വാർത്ത കണ്ടു. ഒട്ടനവധി കേസ്സുകളുമായി ബന്ധപ്പെട്ട് കോടിക്കണക്കിന് രൂപ അഭിഭാഷകർക്ക് നൽകിയിട്ടുണ്ടെന്ന് അങ്ങുതന്നെ സഭയിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ പാവപ്പെട്ട മധുവിന്റെ കേസ്സിൽ എന്തുകൊണ്ടാണ് അഭിഭാഷകർക്ക് ലഭ്യമാകേണ്ട അലവൻസും മറ്റ് സൗകര്യങ്ങളും സമയബന്ധിതമായി നൽകാത്തതെന്ന് അങ്ങേയ്ക്ക് വിശദീകരിക്കാൻ സാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട വൈദ്യുതി

വകുപ്പുമന്ത്രിക്ക് ഇതുസംബന്ധിച്ച് പരാതി നൽകിയെന്ന വിവരം എനിക്ക് ലഭ്യമായില്ല. സാധാരണ നിലയിൽ സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടർമാർക്ക് നിശ്ചയിച്ചിട്ടുള്ള എല്ലാ അലവൻസുകളും കൃത്യമായി നൽകുന്ന രീതിയാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. അക്കാര്യത്തിൽ ഒരു തരത്തിലുമുള്ള അനിശ്ചിതത്വമോ കാലതാമസമോ ഉണ്ടാകില്ല. നടപടിക്രമമനുസരിച്ചുള്ള കാര്യങ്ങൾ ഗവൺമെന്റ് കൃത്യമായി ചെയ്തുതന്നെയാണ് പോകുന്നത്. അലവൻസ് ലഭിക്കാത്തതിന്റെ ഭാഗമായാണ് നേരത്തെയുള്ളവർ പിൻവാങ്ങിയതെന്ന തരത്തിലുള്ള പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരത്തിലൊരു പ്രശ്നമുണ്ടെന്ന് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ അക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീമതി ഉമ തോമസ്</u>: സർ, മധു എന്നൊരു വ്യക്തി ഈ നാട്ടിൽ ജീവിച്ചിരിപ്പുണ്ടായിരുന്നോയെന്നും അദ്ദേഹം മരണപ്പെട്ടിട്ടുണ്ടോയെന്നും സംശയിക്കുമാറാണ് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. പ്രതികളുടെ ജാമ്യം റദ്ദാക്കിയ ജഡ്ജിക്കെതിരെയുള്ള ഭീഷണി സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; ഇതേ രീതിയിലുള്ള കുറ്റമാറ്റമാണ് നടി

ആക്രമിക്കപ്പെട്ട കേസ്സിലുമുണ്ടായിരിക്കുന്നത്. ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, മധുവിന്റെ കാര്യത്തിൽ ആവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായാണ് ബഹുമാനപ്പെട്ട കോടതി മുമ്പാകെ പ്രത്യേക ഹർജിയുമായി പ്രോസിക്യൂഷൻ പോകുന്നതിന് ഇടയാക്കിയിട്ടുള്ളത്. ഇക്കാര്യത്തിൽ പ്രോസിക്യൂഷന്റെ ഭാഗത്തുനിന്നും ഒരു തരത്തിലുമുള്ള അലംഭാവവും ഉണ്ടായിട്ടില്ലായെന്നത് നാം പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണ്. മധു വധക്കേസ് നാടിന്റെ മുമ്പിലുള്ള ഗൗരവമായ പ്രശ്നമാണ്. ആ നിലയ്ക്കുള്ള നടപടികളാണ് ഈ കേസ് ഉയർന്നുവന്ന ഘട്ടം മുതൽ സർക്കാർ സ്വീകരിച്ചുവരുന്നത്. അന്ന് അതുമായി ബന്ധപ്പെട്ട് കൃത്യമായ നടപടി സ്വീകരിക്കുന്നതിന് സർക്കാർ തയ്യാറായത് എല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ട് ബഹുമാന്യയായ അംഗത്തിന് ഒരു ആശങ്കയുമുണ്ടാകേണ്ടതില്ല. മധുവധക്കേസ് നാടിന്റെ പ്രശ്നമായിത്തന്നെ നിൽക്കുകയാണ്. നാടിന് ഏറ്റവും അപമാനകരമായ സ്ഥിതിവിശേഷമാണ് മധുവിന്റെ കൊലപാതകത്തിലൂടെ ഉണ്ടായിട്ടുള്ളത്. അക്കാര്യത്തിൽ

നിയമപരമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കും.

ശ്രീ. ടി. സിദ്ദിഖ്: സർ, ആഗസ്റ്റ് മാസം 9-ാം തീയതി 'വേൾഡ് ട്രൈബൽ ഡേ' ആയിരുന്നു. രാജ്യാന്തരതലത്തിലും ദേശീയതലത്തിലും ഏറ്റവും പ്രാധാന്യത്തോടുകൂടി ചർച്ചചെയ്യപ്പെട്ടത് മധു വധക്കേസ്സിനെത്തുടർന്നുള്ള സാക്ഷികളുടെ കൂറുമാറലും ഭീഷണിയുമായിരുന്നു. ദേശീയ തലത്തിൽ പലയിടങ്ങളിലും മതത്തിന്റെ അടിസ്ഥാനത്തിൽ mob lynching നടക്കാറുണ്ട്. പക്ഷെ ഇവിടെ ഒരു പിടി അരിയുമായി ബന്ധപ്പെട്ടാണ് ഈ ചെറുപ്പക്കാരനെ mob lynching നടത്തിയത്. എന്റെ പ്രധാനപ്പെട്ട ചോദ്യം, സാക്ഷികളെ സംരക്ഷിക്കുന്നതിനുവേണ്ടി 'വിറ്റ്നസ് പ്രൊട്ടക്ഷൻ സെൽ'-ന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; കൂടാതെ ഇത്തരം mob lynching-ന് എതിരായിട്ടുള്ള നിയമ നിർമ്മാണം സംബന്ധിച്ച് പരിശോധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അഗളി ഡിവൈ.എസ്.പി.-യുടെ മേൽനോട്ടത്തിലാണ് 'വിറ്റ്നസ് പ്രൊട്ടക്ഷൻ സെൽ' രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നത്. അതിന്റെ ഭാഗമായുള്ള സംരക്ഷണം സാക്ഷികൾക്ക് ഇപ്പോൾ പോലീസ് നൽകിവരികയാണ്. ഇക്കാര്യത്തിൽ എല്ലാ നടപടികളും

സ്വീകരിക്കുമെന്ന് ഞാൻ വ്യക്തമാക്കിയിട്ടുണ്ട്. വിറ്റ്നസ് പ്രൊട്ടക്ഷൻ സ്കീം പ്രകാരമുള്ള നടപടിക്രമം സംബന്ധിച്ച് പാലക്കാട് ജില്ലാ ജഡ്ജി, ജില്ലാ പോലീസ് മേധാവി, പബ്ലിക് പ്രോസിക്യൂട്ടർ എന്നിവർ അംഗങ്ങളായ സമിതി 16-07-2022-ൽ യോഗം ചേർന്നിരുന്നു. അതിന്റെ ഭാഗമായി സാക്ഷികൾക്ക് ഭയരഹിതമായി കോടതിയിൽ മൊഴി നൽകുന്നതിനും നിഷ്പക്ഷവും നീതിയുക്തവുമായ വിചാരണ ഉറപ്പുവരുത്തുന്നതിനുള്ള നടപടികളിലേയ്ക്ക് കടക്കണമെന്ന് തീരുമാനിച്ചിരുന്നു. സാക്ഷികളുടെ ഇ-മെയിൽ, ഫോൺ കോൾ രേഖകൾ തുടങ്ങിയവ നിരീക്ഷണവിധേയമാക്കുക, വീടിനും തൊഴിലിടങ്ങൾക്കും സമീപം പോലീസ് പട്രോളിംഗ് ഏർപ്പെടുത്തുക, സാക്ഷികൾ കോടതിയിലേയ്ക്ക് വരുമ്പോഴും മടങ്ങി പോകുമ്പോഴും പോലീസ് അകമ്പടി ലഭ്യമാക്കുക, യാത്രാ സൗകര്യമൊരുക്കുക, സാക്ഷികളെ സ്വാധീനിക്കുകയോ ഭീഷണിപ്പെടുത്തുകയോ ചെയ്യാതിരിക്കാനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുക തുടങ്ങിയ കാര്യങ്ങളെല്ലാം ഇതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല ആ പ്രതികൾ അവിടെ നിന്നുകൊണ്ട് ആളുകളെ സ്വാധീനിക്കുന്ന നില വന്നതിന്റെ ഭാഗമായാണ് ബഹുമാനപ്പെട്ട

കോടതിയുടെ മുന്നിൽ അത് ഉന്നയിക്കുകയും ബഹുമാനപ്പെട്ട കോടതിക്ക് അത് ബോധ്യപ്പെട്ട് അവരെ ജയിലിലടയ്ക്കുന്ന തീരുമാനത്തിലേയ്ക്ക് എത്തുകയും ചെയ്തിട്ടുള്ളത്.

ശ്രീമതി കെ. കെ. രമ: സർ, വിശപ്പിന്റെ പേരിൽ കേരളത്തിൽ നടന്ന ആദ്യത്തെ കൊലപാതകമാണ് അട്ടപ്പാടിയിലെ മധുവിന്റേത്. വനത്തിനുള്ളിൽവച്ച് നടന്ന സംഭവത്തിൽ മധു പീഡിപ്പിക്കപ്പെടുന്നതിന്റെ ദൃശ്യങ്ങൾ വീഡിയോയിലുണ്ട്. മധുവിന്റെ വാരിയെല്ലുകൾ തകർന്നതായിട്ടുള്ള പോസ്റ്റ്മോർട്ടം റിപ്പോർട്ടുമുണ്ട്. തുടർച്ചയായി സാക്ഷികൾ കൂറുമാറുന്നതുമൂലം ഈ കേസ് ദുർബലപ്പെട്ടുകൊണ്ടിരിക്കുകയാണ്. പോലീസിന് ഈ കേസിലുള്ള പങ്ക് വളരെ വ്യക്തമാണ്. ഈ സംഭവത്തിൽ പോലീസുകാരുടെ പങ്ക് മറച്ചുവയ്ക്കുന്നതിനും പോലീസിനെയും യഥാർത്ഥ കുറ്റവാളികളെയും സഹായിക്കുന്നതിനായി കെട്ടിച്ചമച്ചുണ്ടാക്കിയ കള്ളസാക്ഷികളാണോ ഇപ്പോൾ കൂറുമാറുന്നത് എന്നതാണ് എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, ഇതൊരു പ്രത്യേകമായ ആരോപണമാണ്. ഇതേവരെ ആ പ്രതികൾ പ്രതികളല്ലെന്ന് ആരും പറയാൻ തയ്യാറായിട്ടില്ല. ആദ്യമായാണ് ബഹുമാന്യയായ ഒരംഗം ഈ

പ്രതികളെന്തോ.........

ശ്രീമതി കെ. കെ. രമ: സർ, ..... (മൈക്ക് ഓഫ്)

ശ്രീ. പിണറായി വിജയൻ: സർ, കുറ്റവാളികളെ സംരക്ഷിക്കാനുള്ള നടപടി എന്നാണല്ലോ. നിങ്ങളത് മറ്റൊരു രീതിയിൽ പറഞ്ഞിട്ട് കാര്യമില്ല. ഒന്നുകിൽ ഇത് തെറ്റിദ്ധരിച്ച് പറയുന്നതാണ്, അല്ലെങ്കിൽ ബോധപൂർവം പറയുന്നതാണ്. ഇതുവരെയും ആരും അങ്ങനെയൊരു പ്രശ്നമുന്നയിച്ചിട്ടില്ല. അവർ യഥാർത്ഥ പ്രതികളാണെന്ന് നാടാകെ അംഗീകരിച്ച കാര്യമാണ്. അവരല്ല, വേറെയാരോ ആണ് യഥാർത്ഥ പ്രതികളെന്ന മട്ടിൽ കാര്യങ്ങൾ അവതരിപ്പിച്ചത് ശരിയായില്ല എന്നാണ് എനിക്ക് പറയാനുള്ളത്. ഇവർ യഥാർത്ഥ പ്രതികളാണ്, അവർക്കെതിരെ ശക്തമായ നിയമ നടപടികൾ തുടർന്നുകൊണ്ടിരിക്കുകയാണ്. അവർ തെറ്റായ രീതിയിൽ സാക്ഷികളെയടക്കം സ്വാധീനിക്കാൻ ശ്രമിച്ചപ്പോൾ അതിനെതിരായുള്ള നടപടികളും സ്വീകരിച്ചിരിക്കുകയാണ്. ആദ്യം ഞാൻ പറഞ്ഞതുപോലെ, ഏതെല്ലാം രീതിയിൽ ഈ കുറ്റവാളികൾക്ക് അർഹമായ ശിക്ഷ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കാൻ കഴിയുമോ അവയെല്ലാം സർക്കാർ സ്വീകരിക്കുകതന്നെ ചെയ്യും.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇവിടെ സൂചിപ്പിച്ചതുപോലെ മധുവിന്റെ കൊലപാതകം കേരളത്തിന് മുഴുവൻ അപമാനകരമായ ഒരു കാര്യമാണ്. ഒരു കേസ് വന്നാൽ അതിന്റെ ഇൻവെസ്റ്റിഗേഷൻ ആരംഭിച്ച് പ്രതികളെ കണ്ടെത്തി കുറ്റപത്രം സമർപ്പിക്കുന്നതോടുകൂടി തീരുന്നതല്ല പോലീസിന്റെ ജോലി. യഥാർത്ഥ പ്രതികൾക്ക് ശിക്ഷ വാങ്ങിക്കൊടുക്കുന്ന പ്രോസിക്യൂഷൻ നടപടികൾക്കുവരെ നേതൃത്വം കൊടുക്കേണ്ടതും സഹായകരമായി നിൽക്കേണ്ടതും പോലീസ് സംവിധാനവും ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസേഴ്സുമാണ്. പക്ഷേ ദൗർഭാഗ്യവശാൽ ഇവിടെ കുറ്റപത്രം സമർപ്പിച്ചതിനുശേഷം അതിന്മേലുള്ള നടപടികളൊന്നും പോലീസിന്റെ ഭാഗത്തുനിന്നുണ്ടായില്ല. വ്യാപകമായി സാക്ഷികൾ കൂറുമാറിയത് മാത്രമല്ല പ്രശ്നം. മധുവിന്റെ അമ്മയെവരെ ഭീഷണിപ്പെടുത്തുകയും പണം കൊടുത്തും ഭീഷണിപ്പെടുത്തിയും സാക്ഷികളെ സ്വാധീനിക്കുകയും തുടർന്ന് ഈ കേസ് അട്ടിമറിക്കുന്നതിനുവേണ്ടി എന്തെല്ലാം ചെയ്യാൻ കഴിയുമോ അതെല്ലാം ചെയ്യുകയും ചെയ്തു. മാത്രമല്ല, പോലീസിന്റെയും സർക്കാരിന്റെയും ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ച കാരണം, ആനുകൂല്യങ്ങൾ കൊടുക്കാത്തതിനാലും പ്രോസിക്യൂഷന്റെ

ഭാഗത്തുനിന്ന് ഒരു സൗകര്യവും ചെയ്തുകൊടുക്കാത്തതിനാലും രണ്ട് പ്രോസിക്യൂട്ടർമാർ സ്ഥാനമൊഴിയുകയുണ്ടായി. ഇത്തരം കാര്യങ്ങൾ ആവർത്തിക്കാൻ പാടുണ്ടോ? വാളയാറിലെ മരണപ്പെട്ട രണ്ട് പെൺകുട്ടികളുടെ മുഖങ്ങൾ നമ്മുടെ മനസ്സിൽ നിൽക്കുകയാണ്. ആ കേസിലെ ജഡ്ജ്മെന്റ് നമ്മുടെ മുന്നിലുണ്ട്. വാളയാർ കേസിലുണ്ടായ ഗതികേട് മധുവിന്റെ കേസിലുണ്ടാകരുതെന്നാണ് എല്ലാവരുടെയും ആഗ്രഹം. അതിനാവശ്യമായ നടപടികൾ പോലീസിന്റെയും സർക്കാരിന്റെയും ഭാഗത്തുനിന്നുണ്ടാകുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഒന്നുകിൽ തെറ്റിദ്ധരിച്ചിരിക്കുകയാണ്, അല്ലെങ്കിൽ ബോധപൂർവ്വം ചിലകാര്യങ്ങൾ പറയുകയാണ്. നേരത്തെ ഈ പ്രശ്നമുണ്ടായ ഘട്ടത്തിൽ അന്നത്തെ ബഹുമാന്യനായ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല ഇവിടെ ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. ആ സബ്മിഷന് അന്ന് സർക്കാരിനുവേണ്ടി ഞാൻ മറുപടി പറഞ്ഞിരുന്നു. അതിന്റെയൊരു ഭാഗം ഇപ്പോൾ ഞാൻ ഇവിടെ പരാമർശിക്കാം. "നിസ്സഹായനായ ഒരു ആദിവാസി യുവാവിനെ മരണത്തിലേയ്ക്ക് നയിച്ച, കേരള സമൂഹത്തിന് അപമാനമായ

ഈ മനുഷ്യത്വഹീന പ്രവൃത്തി ചെയ്ത എല്ലാ കുറ്റവാളികൾക്കും പരമാവധി ശിക്ഷ വാങ്ങിക്കൊടുക്കാനുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിക്കും. അതോടൊപ്പം ഭാവിയിൽ ഇത്തരം പ്രവൃത്തികൾ ആവർത്തിക്കാതിരിക്കാൻ എല്ലാ മുൻകരുതലും സർക്കാർ സ്വീകരിക്കും" . ആ ഘട്ടത്തിൽത്തന്നെ മരണകാരണം കൃത്യമായി വെളിവാക്കിയിരുന്നു. ക്രൂരമായ മർദ്ദനത്തിന്റെ ഭാഗമായാണ് മരണം സംഭവിച്ചതെന്ന് അന്വേഷണത്തിൽ വെളിവായി. അതിന്റെ ഭാഗമായി കൊലപാതകം, പട്ടികജാതി പട്ടികവർഗ്ഗ പീഡന നിരോധന നിയമം, വനനിയമത്തിലെ വകുപ്പുകൾ, ഐ.ടി. നിയമത്തിലെ വകുപ്പുകൾ എന്നിവ ചേർത്താണ് അഗളി പോലീസ് സ്റ്റേഷനിൽ ക്രൈം നം. 87/18 പ്രകാരം കേസെടുത്തത്. ആ സംഭവം നടന്ന് മണിക്കൂറുകൾക്കകം കോയമ്പത്തൂർ, പാലക്കാട്, ചാവക്കാട്, തൃശ്ശൂർ എന്നീ സ്ഥലങ്ങളിൽനിന്നും 16 പേരെ പ്രതിചേർത്ത് അറസ്റ്റ് ചെയ്ത് കോടതിമുമ്പാകെ ഹാജരാക്കി റിമാൻഡ് ചെയ്യുകയും ചെയ്തു. അഗളി ഡിവൈ.എസ്.പി. ആയിരുന്ന ആ ഘട്ടത്തിൽ ഈ കേസിന്റെ അന്വേഷണം നടത്തിയത്. ഇവിടെ ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞ രീതിയിൽ ചില സംഭവങ്ങൾ ഉണ്ടായിയെന്നത് ശരിയാണ്. ഈ പറഞ്ഞ പ്രതികൾ അവിടെത്തന്നെയുള്ള

വ്യക്തികളാണ്. അവർ ചില ദുഃസ്വാധീനങ്ങളിലൂടെ ആളുകളെ അവരുടെ ഭാഗത്തേയ്ക്ക് മാറ്റുന്നതിനുള്ള ശ്രമം നടത്തുകയുണ്ടായി. അത് മനസ്സിലാക്കിയപ്പോഴാണ് വിറ്റ്നസ് പ്രൊട്ടക്ഷൻ സ്കീം അനുസരിച്ചുള്ള സമിതിയുടെ യോഗം നടന്നത്. കുറേ പ്രതികൾ കൂറുമാറിയ ഘട്ടത്തിൽ അതുമായി ബന്ധപ്പെട്ട് ഇത്തരമൊരു യോഗം ചേരുകയും കർശനമായ നടപടികൾ സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. അതിലൂടെ മാത്രം പ്രശ്നങ്ങൾ പരിഹരിക്കപ്പെടില്ലെന്നുറപ്പുവന്നപ്പോൾ ഇത്തരം ആളുകൾ ജാമ്യം നേടി പുറത്തുവന്ന് നാട്ടിൽ സ്വൈരവിഹാരം നടത്തുന്നത് അവർ ചെയ്ത കുറ്റം മറച്ചുവയ്ക്കുന്നതിനും അവർ കുറ്റവാളിയല്ലായെന്ന് മൊഴി കൊടുപ്പിക്കുന്നതിനുമുള്ള ചില സമ്മർദ്ദങ്ങൾ ചെലുത്തുമെന്നുള്ളതുകൊണ്ടാണ് അവരുടെ ജാമ്യം റദ്ദാക്കി ജയിലിലേയ്ക്ക് അയയ്ക്കുന്നതിനുള്ള പെറ്റീഷൻ കോടതി മുമ്പാകെ നൽകിയത്. വളരെ ജാഗ്രതയോടെ പ്രോസിക്യൂഷൻ തുടർ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നതാണ് ഇതെല്ലാം കാണിക്കുന്നത്. അലവൻസുമായി ബന്ധപ്പെട്ട് പ്രോസിക്യൂട്ടർമാർക്ക് ഒരുതരത്തിലുള്ള പരാതിയും ഉണ്ടായതിന്റെ ഭാഗമായിട്ടല്ല അവരുടെ ഒഴിഞ്ഞുപോക്കുണ്ടായിട്ടുള്ളത്.

ഇക്കാര്യം നേരത്തെ ബഹുമാന്യനായ എ. പി. അനിൽകുമാർ ഉന്നയിച്ചപ്പോൾ ഞാനൊരു കാര്യം പറഞ്ഞിട്ടുണ്ട്. അദ്ദേഹം ഉന്നയിച്ച രീതിയിൽ എന്തെങ്കിലും പ്രശ്നം ഇപ്പോഴത്തെ പ്രോസിക്യൂട്ടർക്കുണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. കാരണം, ഇക്കാര്യത്തിൽ സർക്കാരിന്റെ മുന്നിൽ വരുന്ന എല്ലാ വിവരങ്ങളുടെയും ഭാഗമായി പരമാവധി ശിക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടികളിലേയ്ക്ക് കടക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, മധു വധക്കേസിൽ നിരന്തരമായി സാക്ഷികൾ കൂറുമാറുന്നത് വലിയ ചർച്ചയായപ്പോഴാണ് ഇത്തരത്തിലുള്ള നടപടികളുണ്ടായത്. എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്, ഈ കേസ് അന്വേഷിച്ച ഉദ്യോഗസ്ഥന്മാർ വലിയ അലസതയും ഉദാസീനതയും കാണിച്ചിരുന്നു. പ്രോസിക്യൂഷൻ ഒരു കേസ് കോടതിയിലേയ്ക്ക് കൊടുക്കുമ്പോൾ തങ്ങളുടെ കേസ് തെളിയിക്കാനാവശ്യമായ എവിഡൻസായിട്ടാണ് സാക്ഷികളെ കൊടുക്കുന്നത്. എന്നാൽ ആ സാക്ഷികളെ ലിസ്റ്റ് ചെയ്യുന്ന കാര്യത്തിലുണ്ടായ അലസതയും

ശ്രദ്ധക്കുറവുമാണ് ഈ കേസിലെ സാക്ഷികൾ കൂറുമാറാൻ ഇടയായത്. ആയതിനാൽ ഈ കേസന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്മാർക്കിടയിൽവന്ന വീഴ്ച കൃത്യമായി അന്വേഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ അത്തരമൊരു പ്രശ്നമേ ഉദിക്കുന്നില്ല. കേസന്വേഷണം ആരംഭിച്ചപ്പോൾ പോലീസ് കൃത്യമായി നടപടികളിലേയ്ക്ക് നീങ്ങിയിട്ടുണ്ട്. അതിന്റെ ഭാഗമായി അവർ സാക്ഷികളെ കണ്ടെത്തുകയും സാക്ഷികൾ അതുമായി ബന്ധപ്പെട്ട മൊഴികൾ നൽകുകയും ചെയ്തിട്ടുണ്ട്. പക്ഷേ ബഹുമാന്യനായ അംഗത്തിന് ഇക്കാര്യങ്ങൾ ആരേക്കാളും കൂടുതൽ അറിയാവുന്നതാണ്. കാരണം അദ്ദേഹം അവിടത്തെ എം.എൽ.എ.-യാണ്. ഇതിൽ നാം മനസ്സിലാക്കേണ്ടത്, ഈ പ്രതികൾ അവിടെത്തന്നെ കഴിയുകയാണ്. അവർക്ക് ജാമ്യം ലഭിച്ചതോടുകൂടി അവരെ രക്ഷിക്കുന്ന തരത്തിലുള്ള ഇടപെടൽ നടത്തുന്നതിന് സാധിച്ചു. അതാണ് ഇതിനകത്തുണ്ടായിട്ടുള്ളത്. ചില ദുഃസ്വാധീനത്തിന്റെ ഫലമായി ഈ പറയുന്ന സാക്ഷികൾ മൊഴിമാറ്റിപ്പറയുന്ന നിലവന്നപ്പോൾ പോലീസോ പ്രോസിക്യൂഷനോ അനങ്ങാതിരുന്നില്ല. അപ്പോൾത്തന്നെ

അതിനാവശ്യമായ നടപടികൾ ജാഗ്രതയോടെ സ്വീകരിച്ചതിന്റെ ഫലമായാണ് ഇപ്പോൾ എല്ലാവരും ശ്രദ്ധിക്കപ്പെട്ട രീതിയിലുള്ള ജാമ്യം റദ്ദാക്കൽ നടപടിവരെ ഉണ്ടായിട്ടുള്ളത്.

## സിൽവർലൈൻ പദ്ധതി

(*2) ഡോ. എം. കെ. മുനീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർലൈൻ പദ്ധതിയുടെ ഭാഗമായുള്ള സാമൂഹികാഘാത പഠനത്തിന്റെ സർവേക്കായി കല്ലിടുന്നതിന് പകരം ജിയോടാഗ് ഉപയോഗിക്കുന്നതിന് തീരുമാനിച്ചിരുന്നോ;

(ബി) ജിയോടാഗ് ഉപയോഗിച്ച് സർവെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) സാമൂഹികാഘാതപഠനം പൂർത്തീകരിക്കാൻ കഴിയാത്ത ഏജൻസികൾക്ക് അവ പൂർത്തിയാക്കാൻ കാലാവധി നീട്ടി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) സിൽവർലൈൻ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിക്കാത്ത

സാഹചര്യത്തിൽ ഇതിനായി സമരങ്ങളിൽ പങ്കെടുത്തവരുടെ പേരിൽ എടുത്ത കേസ്സുകൾ പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ&ബി) സാമൂഹികാഘാത പഠനത്തിനായി കല്ലിടുന്നതിനോടൊപ്പം ജിയോടാഗിംഗ് അടക്കമുള്ള നൂതന മാർഗ്ഗങ്ങൾ ഉപയോഗിച്ച് വീടുകൾ, മരങ്ങൾ, മതിലുകൾ മുതലായ സ്ഥലങ്ങളിൽ അടയാളം രേഖപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) ഇക്കാര്യം പരിശോധനയിലാണ്.

(ഡി) പദ്ധതിക്ക് കേന്ദ്രാനുമതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പൊതുമുതൽ നശിപ്പിച്ചതുമായി ബന്ധപ്പെട്ട കേസുകളാണ് പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇവ പിൻവലിക്കുന്ന കാര്യം പരിഗണനയിലില്ല.

ഡോ. എം. കെ. മുനീർ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ടി. വി. ഇബ്രാഹിം): സർ, കെ-റെയിൽ പദ്ധതിയുമായി സർക്കാർ മുന്നോട്ടുപോകുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽനിന്ന് വ്യക്തമാകുന്നത്. കെ.എസ്.ആർ.ടി.സി. പോലും നേരെ നടത്താൻ അറിയാത്ത സർക്കാരാണിത്. അതുപോലെത്തന്നെ 200-ഉം 300-ഉം ശതമാനംവരെ നികുതിചുമത്തി കൊള്ളലാഭമെടുക്കുന്ന ബിവറേജസ്

കോർപ്പറേഷൻപോലും നഷ്ടത്തിലാണെന്നാണ് വിവരം. കൊച്ചിയിലെ മെട്രോ റെയിലിന്റെ കാര്യം നമുക്കെല്ലാവർക്കുമറിയാം. യാത്രക്കാരിൽനിന്നുള്ള വരുമാനംകൊണ്ടുമാത്രം കെ-റെയിൽ ഒരിക്കലും ലാഭകരമാവില്ല. അതുകൊണ്ടുതന്നെ ഈ പദ്ധതിയുടെ സാമ്പത്തിക പ്രയോഗികതയിൽ സംശയമുണ്ടെന്ന് കേന്ദ്രസർക്കാരടക്കം അറിയിച്ച സാഹചര്യത്തിൽ ജനങ്ങളുടെമേൽ വലിയ സാമ്പത്തിക ബാദ്ധ്യത അടിച്ചേൽപ്പിക്കുന്ന ഈ പദ്ധതിയുമായി സർക്കാർ എങ്ങനെയാണ് മുന്നോട്ടുപോകുക?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ആഗോളവൽക്കരണ നയത്തിന്റെയും നവഉദാരവൽക്കരണ നയത്തിന്റെയും ഭാഗമായുള്ള വാദഗതികളാണ് ബഹുമാന്യനായ അംഗം ഇവിടെ ഉന്നയിച്ചത്. അതായത് ഒരു പൊതുമേഖലയും ശരിയാകില്ല, അതുകൊണ്ട് പൊതുമേഖലകളൊന്നും വേണ്ട, എല്ലാം സ്വകാര്യമേഖലയെ ഏൽപ്പിച്ചാൽമതിയെന്ന നിലപാടിനോട് ഈ സർക്കാരിനും എൽ.ഡി.എഫ്.-നും യോജിപ്പില്ല. ഇന്ന് രാജ്യത്താകെ നടപ്പാക്കപ്പെടുന്ന ഉദാരവൽക്കരണ നയത്തിൽനിന്ന് വ്യത്യസ്തമായ ബദൽ നയം ഉയർത്തിക്കൊണ്ടാണ് കേരളം മുന്നോട്ടുപോകുന്നത്. അതാണ്

ബഹുമാന്യനായ അംഗം ഉന്നയിച്ച ചോദ്യത്തിന്റെ ആദ്യഭാഗത്തിന് മറുപടിയായി പറയാനുള്ളത്.

കെ-റെയിൽ നമ്മുടെ സംസ്ഥാനത്തിന്റെ ഭാവിക്ക് ഏറ്റവും അനുയോജ്യമാണ്. അതിന്റെ ഭാഗമായാണ് അത്തരമൊരു നിർദ്ദേശം വച്ചത്. ഇത് നമ്മുടെ നാടിന്റെ ഭാവി വികസനം ഉറപ്പുവരുത്തുന്ന ഒരു പദ്ധതിയായിരിക്കും. ഈ പദ്ധതിക്ക് കേന്ദ്രഗവൺമെന്റ് അനുമതി നൽകുമെന്ന സൂചനകളാണ് ആദ്യം ലഭിച്ചിരുന്നത്. പക്ഷേ ചില പ്രത്യേക ഇടപെടലുകൾ വന്നപ്പോൾ അവർ കുറച്ചൊന്ന് ശങ്കിച്ചുനിൽക്കുന്നുണ്ട്. പക്ഷേ നാം മനസ്സിലാക്കേണ്ടത്, ഏത് ഘട്ടത്തിലായാലും ഇതിന് അനുമതി നൽകിയേ മതിയാകൂ, ഇപ്പോൾ അനുമതി നൽകിയില്ലെങ്കിലും ഭാവിയിൽ നൽകേണ്ടതായി വരും. അതുകൊണ്ടുതന്നെ സംസ്ഥാന സർക്കാർ ഈ പദ്ധതി ഉപേക്ഷിച്ചിട്ടില്ല. പക്ഷേ അനുമതി നൽകേണ്ടവർ അനുമതി നൽകാൻ തയ്യാറല്ല എന്ന സമീപനം സ്വീകരിക്കുമ്പോൾ ഞങ്ങളിതാ ഇപ്പോൾ നടത്തുന്നു എന്ന് പറയാൻ സംസ്ഥാന ഗവൺമെന്റിന് കഴിയില്ല. അതാണ് നാം മനസ്സിലാക്കേണ്ടത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കേന്ദ്രസർക്കാർ പുതിയ ഹൈസ്പീഡ്

തീവണ്ടികൾ ഇറക്കാനുള്ള ആലോചനയിലാണെന്നാണ് കേൾക്കുന്നത്; കേരളത്തിൽ റെയിൽവെ സിഗ്നൽ സിസ്റ്റം പരിഷ്കരിച്ചും വളവുകൾ നിവർത്തിയും ചില സ്ഥലങ്ങളിലെ ലൈനുകൾ മാറ്റിയും ഇത് സാധ്യമാക്കാമെന്നാണ് റെയിൽവേയുമായി ബന്ധപ്പെട്ട വിദഗ്ദ്ധർ പറയുന്നത്. വളരെ ചെലവുകുറഞ്ഞ ഈ മാർഗ്ഗം സ്വീകരിക്കുന്നതല്ലേ വലിയ സാമ്പത്തിക ബാദ്ധ്യത അടിച്ചേൽപ്പിക്കുന്ന കെ-റെയിലിനെക്കാളും നല്ലത്?

ശ്രീ. പിണറായി വിജയൻ: സർ, പക്ഷേ ബഹുമാന്യനായ അംഗം ഇക്കാര്യം മനസ്സിലാക്കിയിട്ടുണ്ടാവുമല്ലോ, നമ്മുടെ റെയിൽവേ ലൈൻ ഈ പറയുന്ന രീതിയിൽ പരിഷ്കരിച്ച് അതിവേഗതയിൽ ട്രെയിൻ ഓടിക്കാൻ കഴിയില്ലായെന്ന് റെയിൽവേയുമായി ബന്ധപ്പെട്ട എല്ലാ വിദഗ്ദ്ധരും വ്യക്തമാക്കിയിട്ടുണ്ട്. എത്രയോകാലമെടുക്കുന്ന ഒരു പദ്ധതിയായാൽ മാത്രമേ ആ പറയുന്നതരത്തിൽ പ്രാവർത്തികമാക്കാൻ സാധിക്കൂ. നമുക്കിവിടെ അതിവേഗ റെയിൽ വേണം. കെ-റെയിൽ അല്ല, സിൽവർ ലൈനല്ല, വേറെ എന്തെങ്കിലും പേരാണോ; ആ പേരിൽ വരുന്നതിനൊന്നും ഞങ്ങൾക്ക് തടസ്സമില്ല. ഞങ്ങൾ ഒരു പേര് നിർദ്ദേശിച്ചുവെന്ന് മാത്രമേയുള്ളൂ. അർദ്ധ അതിവേഗ റെയിൽ ഇവിടെ ആവശ്യമാണ്, നമ്മുടെ നാടിനത്

അനിവാര്യമാണ്. അക്കാര്യത്തിൽ കേന്ദ്രഗവൺമെന്റ് ഇതേവരെ അങ്ങനെയൊരു നിലപാട് ഇങ്ങോട്ട് പറഞ്ഞിട്ടില്ല. ഞങ്ങളിത് അങ്ങോട്ട് ആവശ്യപ്പെട്ടു, അതല്ല ഞങ്ങളിത് ചെയ്യാൻ തയ്യാറാണെന്ന് കേന്ദ്രഗവൺമെന്റ് പറയുന്നുണ്ടെങ്കിൽ അപ്പോഴല്ലേ നമ്മൾ പറയേണ്ടത്, നമുക്ക് വേണ്ടത് അതിവേഗതയിലോടുന്ന ട്രെയിനാണ്. അതിന് പുതിയ ട്രാക്കുണ്ടായാൽമാത്രമേ സാധിക്കൂ എന്നാണ് വിദഗ്ദ്ധർ അഭിപ്രായപ്പെട്ടിട്ടുള്ളത്. അതുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് ഇത്തരമൊരു നിലപാടെടുക്കുന്നത്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, സാമൂഹ്യാഘാത പഠനത്തിനായി കല്ലിടുന്നതിനോടൊപ്പം ജിയോ-ടാഗിംഗ് അടക്കമുള്ള നൂതന മാർഗ്ഗങ്ങൾ സ്വീകരിക്കുമെന്നാണ് ഈ ചോദ്യത്തിന് ഉത്തരമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതെങ്കിൽ വെറും കല്ലിടൽ ഒഴിവാക്കിക്കൊണ്ട് ജിയോ-ടാഗിംഗ് അടക്കമുള്ള കാര്യങ്ങൾ നടത്തുമെന്നാണ് അദ്ദേഹം കോടതിയിൽ പറഞ്ഞത്. സിൽവർ ലൈൻ പദ്ധതിമൂലം ഫലഭ്രഷ്ടമായ ഉപരിതല മണ്ണ് നഷ്ടപ്പെടും, കാർഷികോൽപ്പാദനത്തിൽ കുറവുണ്ടാകും, ധാരാളം ഭൂമി തരിശ് ഭൂമിയായി മാറ്റപ്പെടും, ജലദൗർലഭ്യമുണ്ടാകും, അന്തരീക്ഷ-വായു

മലിനീകരണം ക്രമാതീതമായി വർദ്ധിക്കും, അതിഭയങ്കര ശബ്ദമലിനീകരണം സൃഷ്ടിക്കും, സസ്യ-ജന്തു ജീവജാലങ്ങളുടെ ആവാസവ്യവസ്ഥ തകരാറിലാക്കും, വൃക്ഷങ്ങൾ നശിക്കുന്നതുമൂലം കാലാവസ്ഥാ വ്യതിയാനമുണ്ടാക്കും, നിർമ്മാണ ഘട്ടത്തിൽ വെള്ളപ്പൊക്കത്തിനും ഉരുൾപ്പൊട്ടലിനും സാധ്യതയുണ്ടാകും തുടങ്ങി ഗുരുതരമായ ആഘാതം സംസ്ഥാനത്തിന്റെ പരിസ്ഥിതിക്കുണ്ടാക്കുമെന്നാണ് സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡെവലപ്മെന്റ് നടത്തിയ പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. പ്രസ്തുത പാത കടന്നുപോകുന്ന പ്രദേശങ്ങളിൽ 164 സ്ഥലങ്ങൾ പ്രളയ സാധ്യതാ പ്രദേശങ്ങളും അതിൽതന്നെ 25 പ്രദേശങ്ങൾ തീർത്തും അപകടകരവുമാണ്.

<u>മി. സ്പീക്കർ</u>: അങ്ങ് ചോദ്യത്തിലേയ്ക്ക് വരൂ.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, രണ്ട് മഹാപ്രളയങ്ങൾ കണ്ടതും തുടർച്ചയായി അതിതീവ്ര മഴയുണ്ടാകുന്നതുമായ ഈ സംസ്ഥാനത്തിന് ഇങ്ങനെയൊരു പദ്ധതി ഒട്ടും അനുയോജ്യമല്ലെന്ന് പരക്കെ അംഗീകരിക്കപ്പെട്ട സാഹചര്യത്തിൽ, പദ്ധതിയിൽനിന്നും പിന്മാറി പകരം പെട്ടെന്ന് പോകേണ്ട യാത്രക്കാരെ വേഗത്തിലെത്തിക്കാൻ എല്ലാ

ജില്ലകളെയും ബന്ധിപ്പിക്കുന്ന ചെറിയ ഫ്ലൈറ്റ് സർവ്വീസ് അല്ലെങ്കിൽ ഹെലികോപ്റ്റർ സർവ്വീസ് എന്നിവ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ബഹുമാന്യനായ അംഗം, നിയമസഭാ സാമാജികനാകുന്നതിനുമുമ്പ് നല്ലൊരു വ്യവസായിയായിരുന്നു. കാര്യങ്ങൾ നല്ല രീതിയിൽ നടത്താൻ ശേഷിയുള്ള ഒരാൾ കൂടിയാണ് അദ്ദേഹമെന്നാണ് ഞാൻ മനസ്സിലാക്കിയിരുന്നത്. അങ്ങനെയുള്ള ആൾക്ക് ഇത്ര അബദ്ധമായൊരു നിലപാട് എങ്ങനെ പറയാൻ കഴിയുന്നുവെന്നതാണ് ഞാൻ ആശ്ചര്യത്തോടെ കേട്ടുകൊണ്ടിരുന്നത്. നമ്മുടെ നാടിന്റെ വികസനത്തിന് എല്ലാതരത്തിലും ഉപകരിക്കുന്ന ഒന്നാണ് സിൽവർ ലൈൻ പദ്ധതി. തീവണ്ടിക്ക് കുറച്ച് ശബ്ദമുണ്ടാകുമെന്ന് എല്ലാവർക്കും അറിയാം, പക്ഷെ പഴയ കാലത്തുള്ള അതേ ശബ്ദമാണോ ഇപ്പോഴുള്ളത്? അതിലെല്ലാം മാറ്റം വന്നില്ലേ? ഇതിന്റെ ഭാഗമായി ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച തരത്തിലുള്ള ഒരു പ്രത്യാഘാതവും ഉണ്ടാകാൻ പോകുന്നില്ലെന്നുമാത്രമല്ല, കേരളത്തിനുണ്ടാകാൻ പോകുന്ന ഗുണം വളരെ വലുതുമാണ്. അതുകൊണ്ടാണ് ഈ പദ്ധതിയുമായി മുന്നോട്ടുപോകണമെന്ന് സർക്കാർ

വിചാരിക്കുന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, കേന്ദ്ര അനുമതിപോലും ലഭിക്കുന്നതിനുമുൻപ് ഒരു പദ്ധതിയുടെ പേരിൽ പാവപ്പെട്ടവർ കെട്ടിയുണ്ടാക്കിയ കുടിലുകളിൽപ്പോയി നമ്മുടെ ഉദ്യോഗസ്ഥന്മാർ കല്ല് നാട്ടിവച്ചു. ഇതിൽ പ്രതിഷേധിച്ച പാവപ്പെട്ടവരെ പോലീസും സി.പി.ഐ (എം) XXXXXX+ ചേർന്ന് ക്രൂരമായി തല്ലിച്ചതച്ചു. ....(ബഹളം)....

മി. സ്പീക്കർ: ആ പരാമർശം രേഖയിലുണ്ടാകില്ല.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ തിരുത്തുകയാണ്, പാർട്ടി കേഡർ ചേർന്ന് കയ്യേറ്റം ചെയ്തിട്ട് കള്ളക്കേസ് കൊടുക്കുകയാണ്. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ പറയുന്നത് പൊതുമുതൽ നശിപ്പിച്ചതുമായി ബന്ധപ്പെട്ട കേസുകളാണ് പോലീസ് രജിസ്റ്റർ ചെയ്തതെന്നാണ്. സ്വന്തം വീടും പറമ്പും നഷ്ടപ്പെട്ടവർ എവിടത്തെ പൊതുമുതലാണ് നശിപ്പിച്ചത്?

മി. സ്പീക്കർ: അങ്ങ് ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ. പി. ഉബൈദുള്ള: സർ, ഇത്തരത്തിൽ പിഞ്ചുകുഞ്ഞുങ്ങളെയും വീട്ടമ്മമാരെയും ക്രൂരമായി തല്ലിച്ചതച്ചതുമൂലം ഇവർക്ക് അനുഭവിക്കേണ്ടിവന്ന

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖയിൽ നിന്നും നീക്കം ചെയ്തു.

ശാരീരികയും മാനസികവുമായ പീഡനത്തിന് എന്ത് നഷ്ടപരിഹാരമാണ് സർക്കാർ കൊടുക്കാനുദ്ദേശിക്കുന്നത് എന്നാണ് എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗം ചില ഘട്ടത്തിൽ അങ്ങയുടെ മുന്നിലിറങ്ങി വിളിക്കുന്ന മുദ്രാവാക്യങ്ങൾ സഭയിൽനിന്ന് നീക്കാൻ കഴിയാത്തതാണ് എന്നുള്ളതുകൊണ്ടാണ് അവിടെനിന്നുകൊണ്ടും ആ രീതിയിൽ പറയാൻ തയ്യാറായതെന്നാണ് തോന്നുന്നത്. ഇത് നമ്മുടെ സഭയ്ക്കുതന്നെ ചേർന്നൊരു നടപടിക്രമമല്ലെന്ന് അദ്ദേഹം ഭാവിയിലെങ്കിലും മനസ്സിലാക്കുന്നത് നല്ലതാണ്. ഈ പദ്ധതിക്ക് അതിവേഗം അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ തുടർനടപടി സ്വീകരിച്ചത്. അതിന്റെ ഭാഗമായുള്ള സാമൂഹ്യാഘാത പഠനം നടത്താൻ നേരത്തെതന്നെ കേന്ദ്രത്തിൽനിന്നും അനുമതിയും ലഭിച്ചിരുന്നു. അതിന്റെ ഭാഗമായുള്ള നടപടികളാണ് നമ്മൾ സ്വീകരിച്ചത്. നിർഭാഗ്യവശാൽ ഇതുപോലുള്ള ചില ആളുകളുടെ സമ്മർദ്ദത്തിന്റെ ഭാഗമായും ചിലർ തെറ്റിദ്ധരിച്ചും ഇതിനെ എതിർക്കാൻ തയ്യാറായി എന്നത് വസ്തുതയാണ്. അങ്ങനെ എതിർക്കാൻ തയ്യാറായവർക്കെതിരെ ഇവിടെ യാതൊരു കേസ്സുമില്ല. ഇതുമായി ബന്ധപ്പെട്ട് ക്രമസമാധാന പ്രശ്നമുണ്ടാക്കാൻ

നോക്കുകയും അതിന്റെ ഭാഗമായി പൊതു വസ്തുവകകൾ നശിപ്പിക്കാൻ തയ്യാറായവർക്കെതിരെയാണ് കേസ്സുള്ളത്. അതാണ് പിൻവലിക്കില്ലെന്ന് ഇവിടെ പറഞ്ഞത്. സാധാരണഗതിയിൽ എല്ലാക്കാലത്തും സർക്കാർ സ്വീകരിക്കുന്നൊരു നടപടിയാണത്. ആ നടപടിക്രമത്തിൽ ഇപ്പോഴും സർക്കാർ നിൽക്കുന്നുവെന്ന് മാത്രമേയുള്ളൂ.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, 02-06-2022-നാണ് കേന്ദ്രത്തിലേയ്ക്ക് ഈ പദ്ധതിയുടെ അനുമതിക്കായി കത്തയച്ചതെന്നും നാളിതുവരെ അതിന് മറുപടി ലഭിച്ചിട്ടില്ലെന്നും അങ്ങ് ഇവിടെ പറയുകയുണ്ടായി. സിൽവർ ലൈൻ പദ്ധതിയുടെ ചെലവ് സംബന്ധിച്ച് പഠനം നടത്തുന്നതിന് നിയോഗിച്ച RITES (റെയിൽ ഇന്ത്യ ടെക്നിക്കൽ ആൻഡ് ഇക്കണോമിക് സർവ്വീസ് ലിമിറ്റഡ്) പഠന റിപ്പോർട്ട് ഇതുവരെ സമർപ്പിച്ചിട്ടില്ലെന്നാണ് അറിയുന്നത്. എന്റെ ചോദ്യം, ഇന്ത്യയൊട്ടാകെ യൂണിയൻ ഗേജിലേയ്ക്ക് മാറിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയിലാകമാനം 1.676 മീറ്ററുള്ള ബ്രോഡ് ഗേജ് സ്റ്റാൻഡേർഡ് ഗേജിലേയ്ക്ക് വരുമ്പോൾ 1.4 മീറ്ററായി മാറും. അങ്ങനെ വരുമ്പോൾ ഇതിന്റെ സ്പീഡും സേഫ്റ്റിയും കുറയുന്ന നിലവാരത്തിലേയ്ക്ക് പോവുകയല്ലേ? അങ്ങ് മറുപടിയിൽ പറഞ്ഞത് ഏറ്റവും

കൂടുതൽ വേഗത്തിൽ ഏറ്റവും എളുപ്പം എത്താൻ കഴിയാവുന്ന ഒരു സംവിധാനമൊരുക്കുകയെന്നാണ്.

മി. സ്പീക്കർ: ഈ വിഷയം നമ്മൾ അടിയന്തരപ്രമേയമായി ചർച്ച ചെയ്തതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ആ ഒരു തരത്തിലേയ്ക്ക് നിലപാടിന് മാറ്റം വരുത്തുന്നതിന് അങ്ങേയ്ക്ക് ശ്രമിച്ചുകൂടേ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, ഇത്തരം കാര്യങ്ങൾ നമ്മൾ തർക്കിച്ച് തീർക്കേണ്ടതല്ല. ഇതിൽ സാങ്കേതിക വിദഗ്ദ്ധർ ഒരുപാട് ഉൾപ്പെട്ടിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടാണ് ഏത് ഗേജ് വേണമെന്നൊക്കെ തീരുമാനിക്കുന്ന നില വന്നത്. അതിന്റെ ഫലമായി തന്നെയാണ് സ്റ്റാൻഡേർഡ് ഗേജിലേയ്ക്ക് പോകുന്ന അവസ്ഥയുണ്ടായത്. അത് ലോകത്ത് അംഗീകരിച്ചൊരു കാര്യമാണ്. അതിൽനിന്നും വ്യത്യസ്തമായ ഒരു നിലപാട് സ്വീകരിക്കേണ്ടതില്ലെന്നുതന്നെയാണ് കാണുന്നത്. പക്ഷെ, എല്ലാ കാര്യങ്ങളും അനുമതിയോടുകൂടി മാത്രമേ പ്രാവർത്തികമാകൂയെന്നുള്ളത് നമ്മൾ ഒന്നുകൂടി ഓർത്തുപോകണം.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സിൽവർ ലൈനുമായി ബന്ധപ്പെട്ട ഗവൺമെന്റ് നിലപാട് ഇവിടെ വിശദീകരിച്ചു, അത് അങ്ങേയറ്റം സ്വാഗതാർഹമാണ്. ഈ പദ്ധതിക്കുമുമ്പ് യു.ഡി.എഫ്. ഭരണകാലത്ത് ഒരു പദ്ധതി വിഭാവന ചെയ്തിരുന്നല്ലോ, അതിന്റെ അടങ്കൽ തുക, സ്പീഡ്, അതുമായി ബന്ധപ്പെട്ട പ്രാഥമിക നടപടികൾക്കായി എത്ര കോടി രൂപ ചെലവഴിച്ചുവെന്നതിനെ സംബന്ധിച്ച് വിശദീകരണം നൽകുമോ?

ശ്രീ. പിണറായി വിജയൻ: സർ, അതൊരു പ്രസക്തമായ ചോദ്യമാണെങ്കിലും അതുമായി ബന്ധപ്പെട്ട വിവരങ്ങൾ ഇപ്പോൾ എന്റെ കയ്യിലില്ല, അതുകൊണ്ട് വിശദീകരിക്കാൻ സാധിക്കില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കെ-റെയിലിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഇപ്പോൾ പറഞ്ഞതനുസരിച്ചാണെങ്കിൽ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ക്ലിയറൻസ് കിട്ടിയിട്ടില്ല. അത് ലഭിച്ചാൽ മാത്രമേ മുന്നോട്ടുപോകുന്നതിനെക്കുറിച്ച് ചിന്തിക്കാൻ കഴിയൂവെന്നാണ്. അത് നടക്കുമോ ഇല്ലയോ എന്നതിനെക്കുറിച്ച് 50-50 അനുമാനത്തിൽ

വന്നുനിൽക്കുകയാണ്. കേരളത്തിൽ ഇതുമായി ബന്ധപ്പെട്ട് കുറേയധികം ആളുകളുടെ പേരിൽ കേസ്സെടുത്തിട്ടുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് മറുപടി പറഞ്ഞുകഴിഞ്ഞതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പരിസ്ഥിതി ആഘാത പഠനത്തെക്കുറിച്ച് പരിശോധിക്കാൻ എന്റെ നിയോജക മണ്ഡലത്തിൽ ഹാജരായപ്പോൾ പകർച്ചവ്യാധി നിരോധന നിയമമനുസരിച്ചാണ് എനിക്കെതിരെ കേസ്സെടുത്തത്. എനിക്ക് ഒരു പകർച്ചവ്യാധിയും വന്നിട്ടില്ല. ഞാനവിടെ ചെന്നതുകൊണ്ട് ഒരു പകർച്ചവ്യാധിയും വ്യാപിപ്പിച്ചിട്ടുമില്ല. കേരളത്തിലൊട്ടാകെയുണ്ടായ ഇങ്ങനെയുള്ള കള്ളക്കേസ്സുകൾ താഴെതട്ടിൽനിന്നും എഴുതിവരുമ്പോൾ അത് പിൻവലിക്കുന്നതിനുവേണ്ടി അങ്ങ് നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗത്തിന് വ്യാധിയൊന്നും ഇല്ലാതിരിക്കട്ടെ, അത് നല്ല കാര്യമാണ്. പക്ഷെ വ്യാധിയുണ്ടോ ഇല്ലയോ എന്ന് സ്വയം തീരുമാനിക്കാൻ പാടില്ല. അത് അതിന്റെ വിദഗ്ദ്ധർതന്നെ പരിശോധിച്ച് തീരുമാനിക്കുന്നതാണ് നല്ലത്.

കേസ്സുകളുടെ കാര്യത്തിൽ എന്ത് സമീപനമാണ് സ്വീകരിക്കുകയെന്നതുസംബന്ധിച്ച് ഞാൻ നേരത്തെതന്നെ വ്യക്തമാക്കിക്കഴിഞ്ഞിട്ടുണ്ട്.

**ഐ.ടി. മേഖലയിലെ വികസനം**

3(*3)ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി. മേഖലയിൽ മികച്ച അടിസ്ഥാന സൗകര്യം ഏർപ്പെടുത്തിയതിന്റെ ഫലമായി രാജ്യത്തെ രണ്ടാംനിര നഗരങ്ങളിൽ ഏറ്റവുമധികം ഐ.ടി. അധിഷ്ഠിത തൊഴിൽ ലഭ്യമാക്കിയ നഗരങ്ങളിലൊന്നായി തലസ്ഥാനത്തിന് പുരോഗതി കൈവരിക്കാനായിട്ടുണ്ടോ;

(ബി) ഐ.ടി. ഉല്പന്നങ്ങളും സേവനങ്ങളും ഇരട്ടിയാക്കുകയെന്ന ലക്ഷ്യത്തോടെ ഐ.ടി. മേഖലയുടെ അടിസ്ഥാന സൗകര്യ

വികസനത്തിനായി നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(സി) ദേശീയപാത വികസനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി സാറ്റലൈറ്റ് ഐ.ടി. പാർക്കുകൾ സ്ഥാപിക്കാനുള്ള പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ഉണ്ട്. ഐ.ടി. മേഖലയിലെ വികസനത്തിനായി കഴിഞ്ഞ സർക്കാർ ആരംഭിച്ച പ്രവർത്തനങ്ങളെ കൂടുതൽ ശക്തമായി മുന്നോട്ടു കൊണ്ടുപോകുന്നതിനും പുതിയ സാദ്ധ്യതകളെ ഉപയോഗപ്പെടുത്തുന്നതിനുമാണ് ഈ സർക്കാർ ശ്രമിക്കുന്നത്. ഉത്പാദന മേഖലയിലെ വളർച്ച ത്വരിതപ്പെടുത്തുന്നതിനും വിദ്യാസമ്പന്നരായ പുതിയ തലമുറയ്ക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഐ.ടി. പോലുള്ള വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളിൽ കൂടുതൽ ഊന്നൽ നൽകുന്നതിനുതകുന്നവിധമുള്ള നയരേഖ കഴിഞ്ഞ സർക്കാർ അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ശ്രദ്ധേയമായ നേട്ടങ്ങളാക്കി മാറ്റുവാനും കഴിഞ്ഞിട്ടുണ്ട്. ദേശീയ,

അന്തർദേശീയ തലത്തിൽ ഉണ്ടാകുന്ന സാദ്ധ്യതകളെ ഉപയോഗപ്പെടുത്തി മുന്നോട്ടുപോകുവാനും സർക്കാർ ശ്രമിക്കുകയാണ്.

പ്രമുഖ ഐ.ടി. കമ്പനികളുൾപ്പെടെയുള്ള ഉപസംരംഭകരെ തലസ്ഥാന നഗരിയിലേയ്ക്ക് ആകർഷിക്കുന്നതിനും അതിലൂടെ രാജ്യത്തെ രണ്ടാം നിര നഗരങ്ങളിൽ ഏറ്റവും കൂടുതൽ ഐ.ടി. അധിഷ്ഠിത തൊഴിൽ ലഭ്യമാക്കുന്നതിനും കഴിഞ്ഞ അഞ്ച് വർഷം ഈ സർക്കാർ സ്വീകരിച്ച നടപടികൾ സഹായകരമായിട്ടുണ്ട്. നിലവിൽ നടന്നുവരുന്നതും സമീപ ഭാവിയിലേയ്ക്ക് വിഭാവന ചെയ്തിരിക്കുന്നതുമായ ഐ.ടി. അടിസ്ഥാന വികസനം തലസ്ഥാനത്തെ, രാജ്യത്തെ രണ്ടാംനിര നഗരങ്ങളായ കോയമ്പത്തൂർ, പൂനെ, വിശാഖപട്ടണം എന്നിവയുടെ ശ്രേണിയിലേയ്ക്ക് ഉയർത്തുകയും ആഗോള കമ്പനികളും ഉപസംരംഭകരും അവരുടെ ശ്രദ്ധ ഇവിടേയ്ക്ക് തിരിച്ചിരിക്കുന്നതുമായാണ് കാണാൻ കഴിയുന്നത്.

തലസ്ഥാന നഗരിയിൽ സർക്കാർ ഐ.ടി. പാർക്കായ ടെക്നോപാർക്ക് നാല് ക്യാമ്പസുകളിലായി പ്രവർത്തിച്ചുവരുന്നു.

ടെക്നോപാർക്കിന്റെ ഒന്നും രണ്ടും ഘട്ടങ്ങൾക്ക് പ്രമുഖ കമ്പനികളും സംരംഭകരും ഉൾപ്പെടുന്ന വികസിതമായ ഐ.ടി. എക്കോസിസ്റ്റമാണുള്ളത്.+

+ ഉത്തരത്തിന്റെ ബാക്കി ഭാഗം അനുബന്ധമായി ചേർത്തിട്ടുണ്ട്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഐ.ടി. മേഖലയിൽ കഴിഞ്ഞ അഞ്ചാറ് വർഷക്കാലമായി വലിയ മുന്നേറ്റമുണ്ടായിട്ടുണ്ടെന്നത് വാസ്തവമാണ്. വിവര സാങ്കേതിക മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ദേശീയ പാത 66-ന് സമാന്തരമായി ഐ.ടി. ഇടനാഴികൾ സൃഷ്ടിക്കുമെന്ന് പറഞ്ഞിട്ടുണ്ടായിരുന്നു. ഏത് തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് ഈ മേഖലയിൽ നടത്താനുദ്ദേശിക്കുന്നത് എന്ന് പറയാമോ?

ശ്രീ. പിണറായി വിജയൻ: സർ, അത് നേരത്തെ ബഡ്ജറ്റ് പ്രസംഗത്തിൽതന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. തിരുവനന്തപുരം ടെക്നോപാർക്ക് ഫേസ് III മുതൽ കൊല്ലം വരെ, ചേർത്തല മുതൽ എറണാകുളം വരെ, എറണാകുളം മുതൽ കൊരട്ടി വരെ, കോഴിക്കോട് മുതൽ കണ്ണൂർ വരെ എൻ.എച്ച്. 66-ന് സമാന്തരമായി ഐ.ടി. പാർക്കിന് അനുയോജ്യമായ ഭൂമി കണ്ടെത്തി പാർക്ക് തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. കണ്ണൂരും കൊല്ലത്തും ഐ.ടി. പാർക്കുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്. അതുപോലെ കണ്ണൂർ എൻ.എച്ച്. 66-ന് സമാന്തരമായി 15 മുതൽ 25 ഏക്കർ വരെ അനുയോജ്യമായ സ്ഥലം കണ്ടെത്തി ഐ.ടി. പാർക്ക് തുടങ്ങാനുള്ള വേറൊരു നിർദ്ദേശവും ബഡ്ജറ്റ് പ്രസംഗത്തിൽ ഉയർത്തിയിട്ടുള്ളതാണ്.

അതെല്ലാം പ്രാവർത്തികമാക്കാനുള്ള നടപടിക്രമങ്ങളിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഐ.ടി. പാർക്ക് ആരംഭിക്കാനുള്ള പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ടെന്ന് അങ്ങ് ഇവിടെ പറഞ്ഞു. അത് ഏത് ഘട്ടത്തിലാണെന്ന് പറയാൻ സാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അതുമായി ബന്ധപ്പെട്ട് കിഫ്ബിയിൽ നിന്നും ഫണ്ട് അനുവദിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനെല്ലാം കൂടി 1000 കോടി രൂപ വകയിരുത്തുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഒട്ടേറെ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്ന മേഖലയായി കേരളത്തിലെ ഐ.ടി. മേഖല വളർന്നുവരികയാണ്. കഴിഞ്ഞ ആറ് വർഷക്കാലത്തിനിടയിൽ സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ എത്ര ജീവനക്കാർ നിയമിക്കപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത കാലയളവിൽ പുതുതായി എത്ര കമ്പനികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നതുമാണ് എന്റെ ചോദ്യം?

ശ്രീ. പിണറായി വിജയൻ: സർ, കഴിഞ്ഞ ആറ് വർഷമെടുത്താൽ തിരുവനന്തപുരം ടെക്നോപാർക്കിൽ 20.97 ലക്ഷം ചതുരശ്ര അടി, കൊച്ചി ഇൻഫോപാർക്കിൽ 22.62 ലക്ഷം ചതുരശ്ര അടി, കോഴിക്കോട് സൈബർപാർക്കിൽ 2.88 ലക്ഷം ചതുരശ്ര അടി, മൊത്തത്തിൽ 46.47 ലക്ഷം ചതുരശ്ര അടി ഐ.ടി. സ്പേസാണ് ആകെ നിർമ്മിക്കപ്പെട്ടിട്ടുള്ളത്. തൊഴിലവസരത്തെപ്പറ്റി ബഹുമാനപ്പെട്ട അംഗം ചോദിക്കുകയുണ്ടായി. ആകെ 45869 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, സംസ്ഥാനത്ത് 2026-ഓടുകൂടി ആരംഭിക്കാൻ ലക്ഷ്യമിടുന്ന സ്റ്റാർട്ടപ്പുകൾ മുഖേനയുള്ള തൊഴിലവസരങ്ങളെ സംബന്ധിച്ചും 2016 മുതൽ ആരംഭിച്ച സ്റ്റാർട്ടപ്പുകൾ മുഖേനയുള്ള തൊഴിലവസരങ്ങൾ എന്നിവയിൽ പുരോഗതിയുണ്ടോയെന്നും വിശദമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, സ്റ്റാർട്ടപ്പുകളുടെ കാര്യത്തിൽ വലിയ പുരോഗതിയാണ് കേരളത്തിന് നേടാൻ കഴിഞ്ഞിട്ടുള്ളത്. 2026 ആകുമ്പോഴേക്കും സംസ്ഥാനത്ത് 15000 സ്റ്റാർട്ടപ്പുകൾ സൃഷ്ടിക്കുന്നതിലൂടെ 2 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്. 2016 മുതൽ

നാളിതുവരെ മൂവായിരത്തോളം സ്റ്റാർട്ടപ്പുകൾ ആരംഭിക്കാൻ കഴിഞ്ഞതിലൂടെ 35000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്റ്റാർട്ടപ്പുകളുടെ വളർച്ചയിലൂടെയും പുതിയ സ്റ്റാർട്ടപ്പുകളുടെ രൂപീകരണത്തോടെയും തൊഴിലവസരങ്ങൾ ഗണ്യമായ രീതിയിൽ വർദ്ധിക്കുന്നുണ്ട്. സ്റ്റാർട്ടപ്പുകൾ നേരത്തെ ഐ.ടി. മേഖലയിൽ മാത്രമായിരുന്നുവെങ്കിൽ ഇപ്പോൾ വിവിധ മേഖലയിലേയ്ക്ക് വ്യാപിപ്പിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. കെ. വി. സുമേഷ്: സർ, സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റത്തിൽ ഏഷ്യയിലെ ഒന്നാമതായി കേരളം മാറിയെന്നുള്ളത് ഐ. ടി. രംഗത്തെ അഭിമാനകരമായ മുന്നേറ്റമാണ്. ഈ മുന്നേറ്റത്തിലൂടെ സാമ്പത്തികമേഖലയിൽ സംസ്ഥാനത്തുണ്ടാകുന്ന മാറ്റമെന്താണെന്ന് പറയാൻ കഴിയുമോ എന്നതാണെന്റെ ചോദ്യം?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ കഴിഞ്ഞ മൂന്ന് വർഷമായി ഐ. ടി. രംഗത്ത് രാജ്യത്ത് ഒന്നാമതായി നിലകൊള്ളുന്നത് കേരളമാണ്. ഇതിന്റെ ഭാഗമായി വലിയ തോതിലുള്ള പുരോഗതി ഓരോ സ്റ്റാർട്ടപ്പിന്റെയും കാര്യത്തിൽ ഉണ്ടാവുകയാണ്. അതുമായി ബന്ധപ്പെട്ട് രാജ്യത്തിനുള്ളിൽ മാത്രമല്ല;

രാജ്യാന്തരതലത്തിലുള്ള നിക്ഷേപകരും കേരളത്തിലേയ്ക്ക് സ്റ്റാർട്ടപ്പുകളുമായി ബന്ധപ്പെട്ട് വരുന്നുവെന്നതും വസ്തുതയാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, കുണ്ടറ ഐ.ടി. പാർക്ക് വളരെ മനോഹരമായ സ്ഥലത്ത് സ്ഥിതിചെയ്യുന്നുവെന്ന് മാത്രമല്ല; വലിയ സാദ്ധ്യതകളുള്ള ഒരു ഐ. ടി. പാർക്ക് കൂടിയാണ്. ടെക്നോപാർക്കിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് ഇത് പ്രവർത്തിക്കുന്നതെങ്കിലും ടി പാർക്ക് അഭിമുഖീകരിക്കുന്ന പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ജീവനക്കാർക്ക് അവിടേയ്ക്ക് വരാൻ വാഹനസൗകര്യത്തിന്റെ വലിയ പ്രശ്നമുണ്ട്. അത് പരിഹരിക്കാനായി രാവിലെയും വൈകുന്നേരവും കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് അര കിലോമീറ്റർ ഉള്ളിലേയ്ക്ക് കടത്തിവിടുന്ന പ്രശ്നമേയുള്ളൂ. ഗതാഗതവകുപ്പുമായി ആലോചിച്ച് അങ്ങ് അതിനൊരു പരിഹാരമുണ്ടാക്കിയാൽ വലിയ സാധ്യതയുണ്ടാകും. അങ്ങയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചേർന്ന് അതിന്റെ വികസനപ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനായി ഒരു യോഗം വിളിച്ചുചേർക്കുന്നതിനുള്ള സൗകര്യമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തെപ്പറ്റി ബന്ധപ്പെട്ട വകുപ്പുകൾ പരസ്പരം ചർച്ചചെയ്ത് എന്ത് നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പരിശോധിക്കാം. ഇവിടെ സൂചിപ്പിച്ചതുപോലെ അതിനായി ഒരു യോഗം വിളിച്ചുചേർക്കേണ്ടതാവശ്യമാണെങ്കിൽ അതും നടത്താവുന്നതാണ്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, എന്റെ മണ്ഡലത്തിലെ ഇൻഫോപാർക്ക് ഫേസ് 2-ൽ നിന്നും സിൽവർ ലൈൻ പദ്ധതിക്കായി 45 ഏക്കർ ഭൂമി ഏറ്റെടുത്തതായാണ് അറിയാൻ സാധിച്ചത്. ഇപ്രകാരം ഏറ്റെടുത്ത ഭൂമിക്ക് പകരം ഫേസ് 2-ന്റെ വികസനത്തിനായി വേറെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, സാധാരണഗതിയിൽ ഭൂമി ഏറ്റെടുക്കുമ്പോൾ അതിന്റെ ഭാഗമായി നൽകിവരുന്ന നഷ്ടപരിഹാരമുണ്ടാകും. അതുപയോഗിച്ച് കൂടുതൽ ഭൂമി എടുക്കണമെങ്കിൽ അത് സാധിക്കുന്നതാണ്. അതുകൊണ്ടുമാത്രം പദ്ധതിക്ക് എന്തെങ്കിലും കുറവ് വരുമെന്ന് കാണേണ്ടതില്ല.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഏറ്റവും കൂടുതൽ സാധ്യതയുണ്ടായിട്ടും ഒരു നല്ല ഐ.ടി. പാർക്കിന്റെ അഭാവമുള്ളൊരു ജില്ലയാണ് പാലക്കാട്.

പ്രത്യേകിച്ച് കഞ്ചിക്കോട് വ്യവസായമേഖലയിലും തൊട്ടപ്പുറത്ത് അതിർത്തി കടന്നുകഴിഞ്ഞാൽ എല്ലാ എം.എൻ.സി.- സിനും സ്പേസുള്ള ഒരുപാട് കാമ്പസുകളുണ്ട്. പാലക്കാട് ഒരിക്കലും നടക്കില്ലെന്ന് നമുക്കുതന്നെ ബോധ്യമുള്ള  കോച്ച് ഫാക്ടറിക്കുവേണ്ടി ഏറ്റെടുത്ത സ്ഥലങ്ങളുൾപ്പെടെ ഇപ്പോഴും റെയിൽവേയുടെ കൈവശമിരിക്കുകയാണ്. അങ്കമാലി ഗിഫ്റ്റ് സിറ്റി മാതൃകയിൽ ഐ.ടി. എനേബിൾഡായിട്ടുള്ള ഇൻഡസ്ട്രീസിന് പ്രാധാന്യം നൽകിക്കൊണ്ട് ആ മേഖലയിൽ ഒരു പാർക്ക്  തുടങ്ങുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി പരിശോധിക്കുമോ; കോയമ്പത്തൂർ എല്ലാ കമ്പനികൾക്കും ഹ്യൂമൻ റിസോഴ്സസിനെ അപ്പൈ ചെയ്യുന്നത് പാലക്കാടുൾപ്പെടെയുള്ള ജില്ലകളിൽ നിന്നാണ്. ആയിരവും പതിനായിരവും കണക്കിനാളുകൾ അവിടെപ്പോയി ജോലിചെയ്യുന്ന സാഹചര്യത്തിൽ ഇപ്പോൾ കോറിഡോറും കൂടി തുടങ്ങുമ്പോൾ ജോലി സാദ്ധ്യത കൂടുന്നതിനാൽ നമുക്കുതന്നെ അത് ആരംഭിക്കാൻ ഒരടിയന്തര തീരുമാനമുണ്ടാകുമോ എന്നാണ് ചോദിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാർഷിക ജില്ലയാണ് പാലക്കാടെങ്കിലും

വ്യാവസായികമായും വളരെ മുന്നിട്ട് നിൽക്കുന്ന ജില്ലയാണത്. അവിടെ ഇത്തരമൊരു സാദ്ധ്യതയെ സംബന്ധിച്ച് പരിശോധിക്കാവുന്നതാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, കൊച്ചിയിലെ സ്മാർട്ട് സിറ്റിയുടെ നിർമ്മാണം അനിശ്ചിതമായി നീണ്ടുപോയിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ പങ്കാളിയായ ദുബായി കമ്പനി വേണ്ടത്ര താല്പര്യമെടുക്കുന്നില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ സ്മാർട്ട് സിറ്റിയുടെ പ്രവർത്തനം ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, സ്മാർട്ട് സിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിശ്ചിത ഇടവേളകളിൽ യോഗം ചേർന്ന് പരിശോധിക്കുന്നുണ്ട്. ആ കമ്പനിയുടെ പ്രധാനികളടക്കം ഉണ്ടാകുന്ന യോഗം നടക്കാറുണ്ട്. അതുമായി ബന്ധപ്പെട്ട് പുരോഗതി ഉണ്ടാകുമെന്നുതന്നെയാണ് റിപ്പോർട്ടുള്ളത്. അവർ വേഗംതന്നെ നിർമ്മാണം പൂർത്തിയാക്കാനുള്ള നടപടികളിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്.

**കുട്ടികൾക്കെതിരെയുള്ള സൈബർ അതിക്രമങ്ങൾ തടയുന്നതിനുള്ള**

## ബോധവത്കരണം

4 (*4) ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ശശി:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള ഓൺലൈൻ അതിക്രമങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഓൺലൈൻ കുറ്റകൃത്യങ്ങൾക്കെതിരെ കുട്ടികളിൽ അവബോധം സൃഷ്ടിക്കാൻ സ്കൂൾ-കോളേജ് തലങ്ങളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഓൺലൈൻ ചൂഷണങ്ങളെ ശക്തമായി നേരിടാൻ കുട്ടികളെയും അദ്ധ്യാപകരെയും രക്ഷിതാക്കളെയും സജ്ജമാക്കാൻ സ്കൂൾ, കോളേജ് തലങ്ങളിൽ പരിശീലനം നൽകുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) കുട്ടികൾക്കെതിരെയുള്ള ഓൺലൈൻ അതിക്രമങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ഓൺലൈൻ കുറ്റകൃത്യങ്ങൾക്കെതിരെ കൗൺസിലിംഗ് സെന്ററുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് കാലഘട്ടത്തിലെ സമ്പൂർണ്ണ അടച്ചിടൽ ഓൺലൈൻ ക്ലാസ്സുകളിലേയ്ക്ക് നയിക്കുകയും അതുവഴി ഡിജിറ്റൽ ഉപകരണങ്ങളുടെയും ഇന്റർനെറ്റിന്റെയും ഉപയോഗം കൂടുതലായി ഉപയോഗിക്കേണ്ട സാഹചര്യം സംജാതമാകുകയും ചെയ്തു. മൊബൈൽ ഫോണിന്റെയും ഇന്റർനെറ്റിന്റെയും ഉപയോഗം ചില കുട്ടികളെയെങ്കിലും ഓൺലൈൻ ചതിക്കുഴികളിലേക്ക് നയിച്ചു. ഇത്തരം ദുരുപയോഗം തടയുകയെന്ന ലക്ഷ്യത്തോടെ കേരളാ പോലീസിന്റെ സോഷ്യൽ പോലീസിംഗ് വിഭാഗം വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) കുട്ടികൾക്കെതിരായ അതിക്രമങ്ങൾക്കും ഓൺലൈൻ ദുരുപയോഗത്തിനുമെതിരെ സമർപ്പിത പോരാട്ടം നടത്തുന്ന സാങ്കേതിക, നിയമ, മാനസികാരോഗ്യ വിദഗ്ദ്ധരുടെ ഒരു ടീമിനെ ഉപയോഗപ്പെടുത്തി ഡീ

-സേഫ്റ്റി (Digital Safety) എന്ന സഹായ ഗ്രന്ഥം സർക്കാർ ഉത്തരവിൻ പ്രകാരം UNICEF-ന്റെ സാമ്പത്തിക സഹായത്തോടുകൂടി കേരള പോലീസിന്റെ സോഷ്യൽ പോലീസിംഗ് ഡയറക്ടറേറ്റ് തയ്യാറാക്കുകയും കേരളത്തിലുള്ള ഏകദേശം 20000-ത്തോളം രക്ഷിതാക്കൾക്ക് safe internet-ന്റെ ഉപയോഗത്തെപ്പറ്റിയും ഓൺലൈൻ ദുരുപയോഗമോ അതിക്രമമോ ഉണ്ടായാൽ സ്വീകരിക്കേണ്ടുന്ന നിയമപരവും/മനഃശാസ്ത്രപരവും/സാങ്കേതികവുമായ വശങ്ങളെപ്പറ്റി ബോധവൽക്കരണം നൽകുകയും ചെയ്തിട്ടുണ്ട്. 50000 പേർക്ക് കൂടി സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സഹായത്തോടെ ഡീ-സേഫ് സംബന്ധിച്ച ബോധവത്കരണം നൽകാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ഓൺലൈൻ ദുരുപയോഗവുമായി ബന്ധപ്പെട്ട കേരളാ പോലീസിന്റെ ‘ ചിരി’ ഹെൽപ്പ് ലൈനിൽ (9497900200) വരുന്ന ഫോൺ കോളുകൾ ഉടനടിതന്നെ ജില്ലകളിലെ കൗൺസിലർമാർക്കും സൈക്കോളജിസ്റ്റുകൾക്കും അയച്ചുകൊടുത്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ശിശു-സൗഹൃദ പോലീസ് സ്റ്റേഷനുകൾ മുഖാന്തരം Internet Addiction, Game Addiction, ഓൺലൈൻ ദുരുപയോഗം

എന്നിവയെ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസുകൾ ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർമാർ മുഖേന നൽകിവരുന്നു. കൂടാതെ ജില്ലാ Children & Police (CAP) കോർഡിനേഷൻ സെന്ററുകൾ മുഖേന ബോധവത്കരണ ക്യാമ്പയിനുകൾ നടത്തിവരുന്നു. വീട്ടിലെ സാഹചര്യം നിമിത്തം പാതിവഴിയിൽ പഠനം ഉപേക്ഷിക്കേണ്ടിവരുന്ന കുട്ടികളെയും എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ പരാജയപ്പെടുന്ന കുട്ടികളെയും കണ്ടെത്തി അവരിൽ ആത്മവിശ്വാസം ജനിപ്പിച്ച് ക്ലാസുകൾ നൽകിക്കൊണ്ട് പരീക്ഷകളിൽ വിജയിപ്പിച്ചെടുക്കുന്നതിനായുള്ള കേരള പോലീസിന്റെ അഭിമാനകരമായ പദ്ധതിയാണ് ' പ്രോജക്ട് ഹോപ്പ്. പരീക്ഷകളിൽ പരാജയപ്പെടുമെന്ന ഭീതിമൂലം ആത്മഹത്യാ പ്രവണത പ്രകടമാക്കുന്ന കുട്ടികൾക്ക് ജീവിതത്തിലേയ്ക്ക് തിരികെവരാനുള്ള പ്രതീക്ഷയാണ് 'പ്രോജക്ട് ഹോപ്പ്'.+

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ, വീഡിയോകൾ എന്നിവ ഡൗൺലേഡ്/അപ്‌ലോഡ് ചെയ്യുന്ന ആളുകളെ ഇന്ന് ഇന്റർപോൾ തന്നെ 'Operation Pedophile'-ന്റെ ഭാഗമായി ലോകത്താകമാനം പരിശോധിക്കുകയും വിവരങ്ങൾ കൈമാറുകയും

+ ഉത്തരത്തിന്റെ ബാക്കിഭാഗം അനുബന്ധമായി ചേർത്തിട്ടുണ്ട്

ചെയ്യുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്ത് ഇത്തരം കുറ്റവാളികളെ കണ്ടെത്തി കർശനമായ നടപടി കൈക്കൊള്ളുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ, അത് വിശദമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഈ കാര്യത്തിൽ നല്ല ജാഗ്രതയോടെയുള്ള ഇടപെടലാണ് സൈബർ ഡോം അടക്കമുള്ള സംവിധാനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. പോലീസിനകത്തുതന്നെ ഇതിന് ഒരു പ്രത്യേക സംവിധാനമൊരുക്കിയിട്ടുണ്ട്. അതേസമയം, ഇത്തരം ചതിക്കുഴികളിൽ വീഴുന്ന കാര്യത്തിൽ പൊതുവായ ബോധവൽകരണവും നാട്ടിൽ ആവശ്യമായിട്ടുണ്ട്. രക്ഷിതാക്കളും അദ്ധ്യാപകരുമെല്ലാം അതിന്റെ ഭാഗമായി നല്ല ഇടപെടൽ നടത്തേണ്ടതായിട്ടുണ്ട്.

ശ്രീ. പി. എസ്. സുപാൽ: സർ, ബാലാവകാശ കമ്മീഷൻ മുമ്പാകെ കുട്ടികൾക്കെതിരായുള്ള സൈബർ അതിക്രമങ്ങളുമായി ബന്ധപ്പെട്ട് ധാരാളം പരാതികൾ ലഭിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പരാതികൾ ശരിയായ നിലയിൽ കൈകാര്യം ചെയ്യുന്നതിനാവശ്യമായ സാങ്കേതിക വിദഗ്ദ്ധരെയും ഉപദേശകരെയും ബാലാവകാശ കമ്മീഷന്

ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത് പരിഹരിക്കുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബാലാവകാശ കമ്മീഷന്റെ പ്രവർത്തനം സ്വതന്ത്രമായി നടക്കുന്നതാണ്. അതിന്റെ ഭാഗമായി ഏതെങ്കിലും പ്രത്യേക മേഖലകളിൽ ചില പ്രത്യേക രീതിയിലുള്ള വിദഗ്ദ്ധരുടെ സഹായം ആവശ്യമുണ്ടെങ്കിൽ അവർക്കത് തേടാൻ കഴിയും. അതിനാവശ്യമായ നടപടികൾ സ്വീകരിക്കും. പോലീസിൽതന്നെ ഇത്തരം കാര്യങ്ങൾ വരുമ്പോൾ വിദഗ്ദ്ധരൊക്കെയുണ്ടെങ്കിലും ചിലഘട്ടത്തിൽ അതുമായി ബന്ധപ്പെട്ട് അതിവിദഗ്ദ്ധരുടെ സഹായം പോലീസിനുപോലും തേടേണ്ടതായി വരുന്നുണ്ട്. അത്തരം വിദഗദ്ധരുടെ സഹായം തേടുന്നതിനൊരു അറച്ചുനിൽപ്പുമില്ല, നമുക്കത് സ്വീകരിക്കാവുന്നതാണ്.

ശ്രീമതി സി. കെ. ആശ: സർ, കുട്ടികൾ ദൈനംദിന പ്രവർത്തനങ്ങളിലോ വ്യക്തിപരമായ കാര്യങ്ങളിലോ ശ്രദ്ധകേന്ദ്രീകരിക്കാൻ കഴിയാതെ ഡിജിറ്റൽ ഗെയിമുകൾക്ക് അടിമപ്പെടുന്ന അവസ്ഥയായ Gaming disorder മൂലം സാമൂഹികമായുള്ള ഉൾവലിയൽ, പഠന വൈകല്യം, അകാരണമായ ദേഷ്യം തുടങ്ങിയ കുട്ടികളുടെ സ്വഭാവത്തിലുണ്ടാകുന്ന

മാറ്റങ്ങൾ കണ്ടുപിടിച്ച് പരിഹാരം കാണുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, കുട്ടികൾക്ക് ടെലിഫോണിലുള്ള അമിതമായ ആവേശവും കളികളുമൊക്കെ നമ്മളെല്ലാവരും സാധാരണ പറയാറുണ്ട്. പക്ഷെ, കുട്ടികൾ പലപ്പോഴും മാതൃകയാക്കുന്നത് അമ്മമാരെയും വീട്ടിലെ മറ്റുള്ളവരെയുമാണെന്നത് പലപ്പോഴും നമ്മൾ മറന്നുപോവുകയാണ്. കാരണം വീട്ടുകാരും പലപ്പോഴും ഈ രീതിയിൽ ഫോൺ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ നാട്ടിൽ ഇത് വലിയൊരു പ്രശ്നമാണ്. കുട്ടിയുടെ നിലവച്ചുകൊണ്ട് എത്രത്തോളം പോകാമെന്നുള്ളത് കുട്ടിയെ ബോധ്യപ്പെടുത്തണം. അതിനുള്ള ബോധവൽകരണം വളരെ പ്രധാനമാണ്. അതിന് പ്രധാന പങ്ക് വഹിക്കേണ്ടത് വീട്ടിനകത്തുതന്നെയാണ്. ചെറിയ കുഞ്ഞുങ്ങളാണ് ഇതിന് വലിയതോതിൽ ഇരയാകുന്നത്. വീട്ടിനകത്ത് സമചിത്തതയോടെ കുട്ടിയാണെന്ന് മനസ്സിലാക്കികൊണ്ടുള്ള ഇടപെടലുണ്ടാകണം. അതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാവശ്യമാണ്.

ശ്രീ. വി. ശശി: സർ, സൈബർ അതിക്രമങ്ങൾക്ക് ഇരയാകുന്ന

കുട്ടികളെ ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന ചൈൽഡ് ലൈൻ പോലുള്ള വിശ്വസനീയമായ സ്ഥാപനങ്ങൾ കേരളത്തിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇവയുടെയെല്ലാം പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഈ പറയുന്ന സ്ഥാപനങ്ങളുടെ പേരുവിവരങ്ങൾ ഇപ്പോൾ എന്റെ കൈയിലില്ല. എന്നാൽ നല്ല നിലയ്ക്ക് ചൈൽഡ് ലൈനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടക്കുന്നുവെന്നത് വസ്തുതയാണ്. അതിൽ ശിശുവികസന വകുപ്പ് ഇപ്പോൾതന്നെ ഇതുമായി ബന്ധപ്പെട്ട് ഒരു മൊബൈൽ ആപ്പ് അംഗീകരിച്ചിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. എല്ലാവിധത്തിലുള്ള സൈബർ ആക്രമണങ്ങളും മറ്റ് തരത്തിലുള്ള ആക്രമണങ്ങളും തടയുന്നതിനുള്ള നടപടികളാണ് ഇതിലൂടെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്. 'കുഞ്ഞാപ്പ് ' എന്നാണ് അവർ അതിനെ പേരിട്ടിട്ടുള്ളത്. നല്ല രീതിയിലുള്ള ഇടപെടൽ അതിന്റെ ഭാഗമായി നടക്കുന്നുണ്ട്. അങ്ങ് ഉന്നയിച്ചതുപോലെ ചൈൽഡ് ലൈനിന്റെ പ്രവർത്തനവും നല്ല നിലയ്ക്കുതന്നെ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. വാഴൂർ സോമൻ: സർ, സാമുദായിക സ്പർദ്ധയുണ്ടാക്കുന്ന വിധം സാമൂഹ്യ മാധ്യമങ്ങൾ ദുരുപയോഗം ചെയ്യുന്നവരെ കണ്ടെത്തുന്നതിനും അത്തരം ശ്രമങ്ങൾ യഥാസമയം തടയുന്നതിനും കഴിയുന്ന വിധം കേരള പോലീസിന്റെ സൈബർ വിഭാഗവും അന്വേഷണ സംവിധാനങ്ങളും ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ: ചോദ്യവുമായി ബന്ധപ്പെട്ടതല്ല.

ശ്രീ. പിണറായി വിജയൻ: സർ, ചോദ്യം തന്നെ എനിക്ക് വ്യക്തമായില്ല.

മി. സ്പീക്കർ: ഉപചോദ്യം പ്രധാന ചോദ്യവുമായി ബന്ധപ്പെട്ടതല്ല. സാമൂഹ്യ മാധ്യമങ്ങളിലൂടെ സാമുദായിക സ്പർദ്ധയുണ്ടാക്കുന്നതിനെ തടയാനുള്ള നടപടികളാണ് അദ്ദേഹം ചോദിച്ചത്.

ശ്രീ. പിണറായി വിജയൻ: സർ, അത് നമ്മുടെ നാട്ടിലുള്ളൊരു പ്രധാന പ്രശ്നമാണ്. സാമൂഹ്യ മാധ്യമങ്ങൾ നല്ല രീതിയിലും തെറ്റായ രീതിയിലും ഉപയോഗിക്കുന്നവരുണ്ട്. നമ്മുടെ നാട്ടിലുള്ള ചില ഛിദ്രശക്തികൾ സാമൂഹ്യ മാധ്യമങ്ങളെ ഉപയോഗിച്ചുകൊണ്ട് അവരുടേതായ മേഖലയിൽ പ്രവർത്തിക്കുന്നുണ്ടെന്നുള്ളത് നമുക്കെല്ലാവർക്കുമറിയാം. അക്കാര്യത്തിൽ

നല്ല ജാഗ്രതതന്നെ സമൂഹം പാലിച്ചുപോകേണ്ടതുണ്ട്. അത്തരം കാര്യങ്ങൾക്കെതിരെ പോലീസ് കർശനമായ നടപടികൾ സ്വീകരിക്കാനും ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. നജീബ് കാന്തപുരം: സർ, ഐ.ടി. പാഠ്യപദ്ധതിയിലെ ഒരു വിഷയമെന്ന നിലയിൽ, ഇന്ന് ഏറ്റവും കൂടുതൽ ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികൾ നേരിടുന്ന ഈ പ്രശ്നത്തെ സോഷ്യൽ മീഡിയ ഒരു പഠനം എന്ന നിലയിൽ നമ്മുടെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, സോഷ്യൽ മീഡിയയെ പഠനമായി ഉൾപ്പെടുത്താനുള്ള നിർദ്ദേശം ഇപ്പോൾ വന്നിട്ടില്ല. പക്ഷെ പൊതുവേ തന്നെ ഇക്കാര്യത്തിൽ നല്ല ജാഗ്രത പാലിച്ചുപോകേണ്ടതായിട്ടുണ്ട്. അതിൽ ഏതെല്ലാം തരത്തിലുള്ള ബോധവൽകരണം വേണമെന്നുള്ളത് കൂടുതൽ ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്.

ശ്രീ. ജോബ് മൈക്കിൾ: സർ, ഓൺലൈൻ ഗെയിം കളിച്ച് ചില കുട്ടികളും മുതിർന്നവരും സാമ്പത്തിക ബാധ്യതമൂലം ആത്മഹത്യ ചെയ്തുവരുന്ന പ്രവണത വർദ്ധിച്ചുവരുന്നു. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, തെറ്റായ രീതിയിലുള്ള ഓൺലൈൻ ഉപയോഗം ചില കുട്ടികളെ ആത്മഹത്യാ പ്രവണതയിലേയ്ക്ക് നയിച്ചുവെന്നത് നേരത്തെതന്നെ സമൂഹം ചർച്ച ചെയ്യുതും പോലീസ് അക്കാര്യത്തിൽ ഫലപ്രദമായി ഇടപെട്ടതുമാണ്. അത് വലിയതോതിലുള്ള സാമൂഹിക വിപത്തായി കണ്ടുകൊണ്ട് അതിനെതിരെ ബോധവൽകരണം ഉയർത്തികൊണ്ടുവരാൻ ശ്രമിച്ചിട്ടുള്ളതുമാണ്. ഏതായാലും അത്തരം കാര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്ന നിലയല്ല സ്വീകരിക്കുന്നത്. അത് തടയുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

**ക്രമസമാധാനപാലനം കാര്യക്ഷമമാക്കൽ**

(*5) ശ്രീ. കെ. ഡി. പ്രസേനൻ:

ശ്രീ. ടി. പി. രാമകൃഷ്ണൻ:

ശ്രീ. എച്ച്. സലാം:

ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ ക്രമസമാധാനപാലനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പോലീസ് സേനയുടെ ആധുനികീകരണത്തിനും

വേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ ജനങ്ങളിൽ ആശങ്ക സൃഷ്ടിക്കുന്ന സാഹചര്യത്തിൽ അവരുടെ വിവരശേഖരണത്തിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഇതര സംസ്ഥാന തൊഴിലാളികളെ തൊഴിലിന് ഏർപ്പാടാക്കുന്ന ഏജൻസികളും വ്യക്തികളും തൊഴിലുടമകളും അവരുടെ ഐഡന്റിറ്റി ഉറപ്പാക്കി അവർ തൊഴിലെടുക്കുന്ന ജില്ലകളിൽ അവരുടെ പേരുവിവരങ്ങൾ രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) പോലീസ് സേനയുടെ ആധുനികവൽകരണവും ശാക്തീകരണവും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിനായി താഴെപ്പറയുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ചോദ്യോത്തരസമയം അവസാനിച്ചതുകൊണ്ട് ബാക്കി മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ശ്രീ. പിണറായി വിജയൻ: സർ, ബാക്കിഭാഗം മേശപ്പുറത്ത് വയ്ക്കുന്നു.+

+ ഉത്തരത്തിന്റെ ബാക്കി ഭാഗം അനുബന്ധമായി ചേർക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)